LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആസ്സിവികസന പദ്ധതിയിൻകീഴിൽ ശുപാർശ ചെയ്യപ്പെടുന്ന പ്രവർത്തികൾക്ക് ധനവകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഭരണ വകുപ്പാണ് ഭരണാനുമതി പുറപ്പെടുവിക്കുന്നത്. ഇപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവുകൾ എം.എൽ.എ.മാരുടെ അറിവിലേയ്ക്കായി ധനവകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) എൽ.എ.സി.-എ.ഡി.എസ്.-ന്റെ മാർഗ്ഗ നിർദ്ദേശങ്ങളെല്ലാം പാലിച്ച് അംഗീകാരത്തിനായി ധനവകുപ്പിൽ എത്തുന്ന ശുപാർശ ഫയലുകളിലും പരമാവധി 15 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കാറുണ്ട്. ധനവകുപ്പ് അനുമതി നൽകിയ പ്രവർത്തികൾ അടുത്ത 10 ദിവസത്തിനുള്ളിൽത്തന്നെ ഭരണ വകുപ്പ് ഭരണാനുമതി നൽകണമെന്ന് 28-12-2012-ലെ 73/12/ധന സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലാ തലത്തിലേയ്ക്ക് ഫണ്ട് കൈമാറുന്ന വിഷയം ധനവകുപ്പിന്റെ പരിഗണനയിലില്ല.

ആസ്സിവികസന ഫണ്ട്

151 (491) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്സി വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച് നാളിതുവരെയുള്ള കണക്കുകൾ വാർഷികാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഈ പദ്ധതി ആരംഭിച്ചത് ഏത് തീയതി മുതലാണ് ; ഒരു അസംബ്ലി നിയോജകമണ്ഡലത്തിൽ ഒരു വർഷം നടപ്പിലാക്കേണ്ടിയിരുന്നത് മൊത്തം എന്ത് തുകയുള്ള പദ്ധതിയായിരുന്നു ;

(സി) 140 മണ്ഡലങ്ങളിലായി ഈ പദ്ധതി നടപ്പിലാക്കിയ വർഷം മുതൽ ഈ വർഷം വരെ ചെലവഴിക്കേണ്ടിയിരുന്ന മൊത്തം തുക എത്രയായിരുന്നു ; പദ്ധതി ആരംഭിച്ച് നാളിതുവരെ ഈ പദ്ധതി പ്രകാരം ഖജനാവിൽനിന്നും ചെലവഴിച്ച മൊത്തം തുക എത്ര ;

(ഡി) ഈ പദ്ധതി പ്രകാരം ഭരണാനുമതി നല്കിയ പദ്ധതികൾ കൊല്ലാമായി പ്രതീക്ഷിക്കുന്ന ചെലവ് എത്ര ;

(ഇ) ഈ പദ്ധതി പ്രകാരം ഭരണാനുമതിയ്ക്കായി പരിഗണനയിലിരിക്കുന്ന പദ്ധതികൾ എത്ര ?

ഉത്തരം

(എ) ആസ്തിവികസന പദ്ധതി നിലവിൽ വന്നതിനുശേഷം വിവിധ നിയോജക മണ്ഡലങ്ങളിലായി 2012-13 സാമ്പത്തിക വർഷത്തിൽ 68373.70 ലക്ഷം രൂപ അടങ്കൽ വരുന്ന 875 പ്രവൃത്തികളും 2013-14 വർഷത്തിൽ 53960.50 ലക്ഷം അടങ്കൽ വരുന്ന 1064 പ്രവൃത്തികളും 2014-15 വർഷത്തിൽ 4629.26 ലക്ഷം അടങ്കൽ വരുന്ന 82 പ്രവൃത്തികളും നടപ്പിലാക്കുവാൻ ധനവകുപ്പിൽനിന്നും അനുമതി നൽകുകയുണ്ടായി.

(ബി) 11-6-2012-ലെ സ.ഉ.(പി) നമ്പർ 332/12/ധന സർക്കാർ ഉത്തരവ് പ്രകാരമാണ് ആസ്തിവികസന പദ്ധതി നിലവിൽ വന്നത്. ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഒരു വർഷം ആകെ 500 ലക്ഷം രൂപ അടങ്കൽ വരുന്ന 15 പ്രവൃത്തികൾ ടി പദ്ധതിക്ക് കീഴിൽ ഏറ്റെടുത്തു നടപ്പാക്കാവുന്നതാണ്.

(സി) ഒരു നിയോജക മണ്ഡലത്തിലെ ആസ്തിവികസനത്തിനായി ഓരോ സാമ്പത്തിക വർഷവും 500 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ചെലവഴിക്കാവുന്നതാണ്. പദ്ധതിയാരംഭിച്ച് നാളിതുവരെയുള്ള ആകെ മൂലധനചെലവ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ആസ്തിവികസന പദ്ധതിയിൻകീഴിൽ അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി അനുസരിച്ചുള്ള ചെലവാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ധനവകുപ്പിന്റെ അനുമതിയോടെ ബന്ധപ്പെട്ട ഭരണവകുപ്പാണ് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത്. ഭരണവകുപ്പിന്റെ ശുപാർശയോടെ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന വിശദാംശങ്ങൾ സഹിതം ലഭ്യമാക്കിയിട്ടുള്ള 33 ഫയലുകൾ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly